സി. എസ്സിന്റെ സാഹിത്യസേവനം

പ്രൊഫ: സി. കെ. മൂസ്സതു്

മലയാളഭാഷയ്ക്കു് അതിന്റെ ഓജസ്സും ചടുലതയും പ്രദാനം ചെയ്യാൻ ഉറച്ചു പ്രയത്നിച്ചവരായി രണ്ടു സി. എസ്സുമാരെ ഞാൻ ഓർക്കാറുണ്ടു്. പുന്നശ്ശേരിനമ്പിയുടെ ശിഷ്യോത്തമനും വള്ളത്തോളിന്റെ കമ്പനിയുടെ പ്രമുഖവക്താവുമായിരുന്നു വിദ്വാൻ, സി. എസ്സു്. നായർ. അദ്ദേഹത്തിന്റെ പ്രവർത്തനം സംസ്കൃതത്തിന്റെ കാഴ്ചപ്പാടിൽ നിരൂപണപ്രധാനമായി ഒതുക്കപ്പെട്ടിരുന്നു. മറ്റൊരാളാകട്ടെ ഭാഷാപോഷിണി മാസികയെ അനർത്ഥമാക്കുമാറു്, പാശ്ചാത്യസാഹിത്യത്തിന്റെ ചൈതന്യം ഭാഷയ്ക്കു സംഭാവനചെയ്ത സി. എസ്സു്. സുബ്രഹ്മണ്യൻപോറ്റി. സി.എസ്സിന്റെ സാഹിത്യസേവനത്തെ ഉപമിക്കേണ്ടതു് ഇയ്യിടെ ജൻമശതാബ്ദിയാചരിച്ച മൂർക്കോത്തു കുമാരന്റെ സേവനത്തോടാണു്. ഇരുപേരും ഭാഷാപോഷിണിയെ വളർത്തിയവരും ഭാഷാപോഷിണിയിലൂടെ വളർന്നവരുമാണു്. ഗദ്യപദ്യങ്ങളും ഇരുവർക്കും സ്വാധീനം. ആശാന്റെ വീണപൂവു് മൂർക്കോത്തിന്റെ മിതവാദിയിലാണു് ആദ്യം പ്രസിദ്ധപ്പെടുത്തിയതെങ്കിലും ബഹുജനശ്രദ്ധയിലെത്തിച്ചതു് ഭാഷാപോഷിണി മാസികയിൽ സി. എസ്സിന്റെ ഒരു പ്രത്യേക അവതരണക്കുറിപ്പോടുകൂടി പുനഃപ്രസിദ്ധീകരിച്ചപ്പോഴായിരുന്നല്ലോ. ആ അവതരണക്കുറിപ്പിനെ നിരൂപണപ്രസ്ഥാനത്തിന്റെ 'ഗറില്ലാസ്ബർഗ്പ്രഖ്യാപന'മായി സാഹിത്യകേതൻമാർ എന്നുമെന്നും ഓർക്കും. ആദ്യത്തെ വിലാപകാവ്യം, പച്ചമലയാളപ്രസ്ഥാനം, നോവലിന്റെ ഖണ്ഡശഃപ്രസിദ്ധീകരണം, ടോംസ്റോയ് തുടങ്ങിയ സാഹിത്യനായകൻമാരെക്കുറിച്ചുള്ള അനുസ്മരണം, ശാസ്ത്രലേഖനങ്ങളും — സി. എസ്സിന്റെ യന്ത്രത്തിൽ പൊടിയാത്ത ധാന്യം സാഹിത്യരംഗത്തു് അന്നുണ്ടായിരുന്നില്ല. ഒരു പദ്യകൃതി, ഒരു ഗദ്യലേഖനം, ഒരു തുടർനോവൽ ഇങ്ങനെ മൂന്നു സാഹിത്യസൃഷ്ടികളും ഒരാളുടേതു ഭാഷാപോഷിണിയുടെ ഒരേ ലക്കത്തിൽ അക്കാലത്തു പ്രത്യക്ഷപ്പെട്ടിരുന്നുവെന്നു പറഞ്ഞാൽ ആ സാഹിത്യതപസ്സിന്റെ തീക്ഷ്ണതയും ജനപ്രീതിയും ഊഹിക്കാമല്ലോ.

ഒരു ആൽവൃക്ഷം വളർന്നു പന്തലിക്കുന്നതു് ഒരു ചെറുവിത്തിനു് അനുകൂലസാഹചര്യംവന്നുപെടുമ്പോഴാണല്ലോ. അങ്ങനെ ഒരു സനാതർഭമാണു് സി.എസ്സിനെ സാഹിത്യക്ഷേത്രത്തിലെ അശ്വത്ഥപ്രഭാവനാക്കിമാറ്റാൻ സഹായിച്ചതു്. പഴയമട്ടിലുള്ള സാമാന്യവിദ്യാഭ്യാസം നേടിയ സുബ്രഹ്മണ്യൻപോറ്റി ഒരു മലയാംപള്ളിക്കൂടത്തിൽ പ്രൈമറി വാദ്ധ്യാരായിക്കഴിയുന്നകാലം. നായർസമുദായോദ്ധാരകൻ, സി. കൃഷ്ണപിള്ള അന്നു പള്ളിക്കൂടം ഇൻസ്പെക്ടർ ആയിരുന്നു. ഇൻസ്പെക്ഷൻ ദിവസം അദ്ധ്യാപകൻമാരെല്ലാം അന്നത്തെ ചിട്ടയനുസരിച്ചു് പ്രത്യേക വേഷവിധാനത്തോടെ ഒരുങ്ങിപ്പുറപ്പെട്ടപ്പോൾ, മറ്റൊരുതരത്തിലാണു് നമ്മുടെ പോറ്റിസ്സാർ ശ്രദ്ധേയനായതു്. സാകൂതം വെള്ളിമനഇല്ലത്തെ സാഹിത്യതത്പരനായ ഒരംഗം എന്ന നിലയ്ക്കു് ഒരു വെള്ളത്തോർത്തുകൊണ്ടു് തോൾമറച്ചു തലയുയർത്തി നിൽക്കുന്നു! ഇതെന്തൊരു വേഷം എന്നായി ഇൻസ്പെക്ടർ. കിട്ടുന്ന വേതനത്തിനനുസരിച്ചാവും കെട്ടുന്ന വേഷം എന്നായി ശ്രീപോറ്റി. ബിരുദമെടുത്തുവന്നാലേ ഉയർന്ന തസ്തിക തരാനൊക്കൂ, തസ്തികയനുസരിച്ചാണു വേതനം എന്നു സി. കെ. പി. കൊള്ളിച്ചുകൊണ്ടു പറഞ്ഞു. എനി ബിരുദമെടുത്തിട്ടു മറ്റു കാര്യം എന്നൊരു ഉറച്ച തീരുമാനവുമായി

ശ്രീ. പോറ്റി പള്ളിക്കൂടംവിട്ടിറങ്ങി. കോട്ടയത്തുപോയി ഇൻറർമീഡിയറ്റിനു ചേർന്നതും ഭാഷാപോഷിണിയുമായി ബന്ധപ്പെട്ടതും ആ* സി.കെ.പി. സംഭവത്തെത്തുടർന്നാണ്. ക്രമത്തിൽ ബി. ഏ. എം. ഏ. ബിരുദങ്ങളും നേടി. 1951 ലോമറോ പ്രസിദ്ധപ്പെടുത്തിയ ഒരു സൗത്ത് ഇൻഡ്യൻ ഇയർബുക്കിൽ ഇങ്ങനെ ഒരുഭാഗം ഞാൻ വായിച്ചതായി ഓർക്കുന്നു. 'ശ്രീ. സുബ്രഹ്മണ്യൻ പോറ്റി, സി. എസ്സ്. എം. ഏ. വെള്ളിമനഇല്ലം. കൊ.വ. 1055ൽ ജനിച്ചു. മലയാളം സ്ക്കൂളിലും അധ്യാപകൻ തിരുവനന്തപുരം മഹാരാജാസ് ഹൈസ്ക്കൂളിലും മുൻഷി, കോളേജ് ആകൗണ്ടിംഗ് മുൻഷി, ഹജൂർകച്ചേരി ക്ലാർക്ക്, കരുനാഗപ്പള്ളി സബ്രജിസ്റ്റാർ, 9-ാം ഡിസ്ട്രിക്ട് അസി. ഇൻസ്പെക്ടർ, കുളക്കടസ്പെഷ്യൽ സ്ക്കൂൾ ഹെഡ്മാസ്റ്റർ എന്നീ വിവിധ നിലകളിൽ സ്തുത്യർഹമായി സേവനമനുഷ്ഠിച്ച ശേഷം പെൻഷൻപറ്റി പിരിഞ്ഞു കരുനാഗപ്പള്ളി ഇംഗ്ലീഷ്സ്ക്കൂളിന്റെ ജനയിതാവായ ഇദ്ദേഹം അതിന്റെ സെക്രട്ടറിയായും, ഹെഡ്മാസ്റ്ററായും ജോലിനോക്കി. അനവധി പുസ്തകങ്ങളുടെ കർത്താവെന്ന നിലയിലും കേരളത്തിൽ പ്രസിദ്ധൻ. ദുർഗ്ഗേശനന്ദിനി, സൗരഭനും രാഷ്ട്രനും, വിലാപം എന്നീ പുസ്തകങ്ങളും അദ്ദേഹത്തിന്റേതാണ്.

കൊല്ലം റെഡ്യാർ പ്രസിദ്ധീകരണങ്ങളുടെ കനക പ്രശസ്തി ഗ്രന്ഥത്തിൽ സുബ്രഹ്മണ്യൻ പോറ്റിയുടെ ഒരു പദ്യവും ഗദ്യലേഖനവും ഉൾപ്പെടുത്തിയിരിക്കുന്നു. ഗദ്യലേഖനത്തിൽ തന്റെ വിദ്യാർത്ഥി ജീവിതകാലത്തു പുസ്തക വ്യാപാരിയായ റെഡ്യാർ ചെലുത്തിയ സ്വാധീനത്തെക്കുറിച്ചു പരാമർശിച്ചിട്ടുണ്ട്. പക്ഷേ മിക്ക ലേഖനങ്ങളും കൃതികളും ഭാഷാപോഷിണിയിൽത്തന്നെ പ്രസിദ്ധീകരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. സ്വന്തം പ്രസിദ്ധീകരണമായി ഭാഷാപോഷിണിയെ വാത്സല്യപൂർവ്വം വളർത്തിയെന്നു പറയുകയാവും ശരി. തൃശ്ശൂരിൽ നിന്ന് അപ്പൻതമ്പുരാന്റെയും കൊടുങ്ങല്ലൂർ കുഞ്ഞുക്കുട്ടൻ തമ്പുരാന്റെയും മേൽനോട്ടത്തിൽ രസികരഞ്ജനിലക്കണ്ടം പുറത്തുവന്നപ്പോഴും, അതിന്റെ സത്ഭാവങ്ങം ഭാഷാപോഷിണിക്കും ലഭ്യമാക്കിയത് സി. എസ്സ്. സുബ്രഹ്മണ്യൻ പോറ്റിതന്നെയായിരുന്നു. കുണ്ടൂർ പച്ചമലയാള പ്രസ്ഥാനമാരംഭിച്ചപ്പോഴും, ആ ചുവടുവച്ചു കൊട്ടാരത്തിൽ ശങ്കുണ്ണിയെക്കൊണ്ടും പന്തളം തമ്പുരാനെക്കൊണ്ടും ഉള്ളൂരിനെക്കൊണ്ടും കാവ്യനിർമ്മാണം ചെയ്യിച്ചും ഭാഷാപോഷിണിക്കു കൊഴുപ്പുകൂട്ടിയത് അനുസ്മരിക്കാതെ വയ്യ. തുഞ്ചത്തെഴുത്തച്ഛന്റെ അവതാരത്തെപ്പറ്റിയുള്ള ഐതിഹ്യമാസ്പദമാക്കിയതായിരുന്നു കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ പച്ചമലയാളം

ഉമ്പർക്കെഴും മൊഴികളോടിട
ചേർന്നിടാതെ
വമ്പർക്കു നല്ല മലയാൺമൊഴി തട്ടിവീക്കീ
എമ്പക്കലില്ലൊരുമിടുക്കതിനെങ്കിലും
ഞാൻ
കമ്പക്കളിക്കളരിയിന്നതിലൊന്നുകേറാം.

*പ്രസ്തുത സംഭവം പി. അയ്യപ്പൻപിള്ള ബി. ഏ. സ്സ്യം ഇൻസ്പെക്ടറായിരുന്നപ്പോഴാണെന്നും ഒരഭിപ്രായമുണ്ട്

നല്ലഇനം കുടകൾക്ക്

ബാബു അംബ്രല്ലാസ്റ്റോഴ്സ്

പുലമൺപി. ഒ. കൊട്ടാരക്കര

കൊട്ടാരത്തിൽ ശങ്കുണ്ണിയെ കളരിയിലിറക്കിയത് സി. എസ്സിന്റെ മിടുക്കായിരുന്നു! 1082 മിഥുനം– കർക്കടകം ഭാഷാപോഷിണിയിൽ 'ചാപ്പൻനായർ' എന്നൊരു പച്ചമലയാളക്കൃതിസി. എസ്സ്. തന്നെ പ്രസിദ്ധീകരിച്ചു. അതിന്റെ ആമുഖത്തിലെ ഏതാനും ശ്ലോകങ്ങളം ഇതാ–

കേമത്തമേറുന്ന പറക്കൊടി പാക്കനാരു
കോമപ്പനെന്നിവരെ വാഴ്ത്തിമുറക്കു
കുണ്ടൂർ
പൂമച്ചിൽവച്ചു പുതുതേൻമൊഴിയാ–
ളൊടങ്ങു
തൂമയക്കുചേർന്നപടി തൂമൊഴിചൊ–
ല്ലിയല്ലോ.
അമ്മട്ടുകണ്ടകമഴിഞ്ഞുടനൂക്കനുള്ളൂ–
രമ്മട്ടിടഞ്ഞ മൊഴിയോടൊരുനാളിരാവിൽ
ചെമ്മയ്ക്കുചേർന്നപടി പങ്കിയെവാഴ്–
ത്തിയപ്പൊ–
ന്നമ്മക്കകക്കുളുർമ ചേർന്നതറിഞ്ഞതില്ലേ?
കൊള്ളാമതൊക്കെയറിയാ മവരൊക്കെ–
യോർത്താ–
ലുള്ളായമാർന്നവർ അറിഞ്ഞവരേറെ–
യെല്ലാം
ഭള്ളാമതീയിവനു മിന്നതുപോൽമുതിന്നാ–
ലെള്ളാണുഞാനു,മവരോ,മല, യോമലാളേ

എന്നിങ്ങനെ കുണ്ടൂരിനേയും ഉള്ളൂരിനേയും പൊക്കിപ്പറഞ്ഞു കൊണ്ടാണു ശാലീനമായ വിനയത്തോടെ സുബ്രഹ്മണ്യൻ പോറ്റിതന്റെ ചാപ്പൻനായരെ അവതരിപ്പിച്ചത്. പച്ചമലയാള പ്രസ്ഥാനത്തിന്റെ വളർച്ചയിൽ ഒരു നല്ലപങ്ക് ശ്രീ പോറ്റി വഹിച്ചിട്ടുണ്ടെന്നതിന് തർക്കമില്ല.

ശ്രീ സുബ്രഹ്മണ്യൻ പോറ്റിയുടെ കൃതികളിൽ വിലാപത്തിനാണു പ്രസിദ്ധി. പിൽക്കാലത്തുണ്ടായ ആശാന്റെ പ്രരോദനത്തോടോ ഇടപ്പാന്റെ കണ്ണുനീർത്തുള്ളിയോടോ ഭാവശിൽപത്തിൽ സമശീർഷതയുണ്ടെന്നു പറയുന്നില്ല. പക്ഷേ പ്രസ്ഥാനം ഉദ്ഘാടനം ചെയ്തതിന്റെ അവകാശപ്പെട്ട മാന്യത നിഷേധിച്ചിട്ടാവശ്യമില്ലെന്നുമാത്രം. മുണ്ടശ്ശേരി ഒരിടത്ത് ഇങ്ങനെ പറഞ്ഞു– 'മലയാളത്തിൽ വിലാപകാവ്യം ആരാണാരംഭിച്ചതെന്നു തീരുമാനിക്കാൻ വിഷമം. ഇ. എസ്സ്. സുബ്രഹ്മണ്യൻ പോറ്റിയവർകളുടെ അവകാശം പണ്ടേപരിഷത്തിൽ രജിസ്റ്റർചെയ്തു കിടക്കുകയാണ്.' ആശാന്റെ പ്രരോദനത്തെ മുഴുപ്പിച്ചു കാട്ടുന്നതിനിടക്കു ശ്രീ പോറ്റിയുടെ സേവനത്തെ ഇടിച്ചുകാട്ടേണ്ടകാര്യ മെന്തായിരുന്നാവോ? ആശാന്റെ ഉത്തമ സുഹൃത്തും ഗുണകാംക്ഷിയുമായിരുന്നല്ലോ ശ്രീ. സുബ്രഹ്മണ്യൻ പോറ്റി. രണ്ടു ഖണ്ഡകൃതികളം എന്നപേരിൽ ആശാൻ പ്രസിദ്ധീകരിച്ച വീണപൂവും സിംഹപ്രസവവും ഭാഷാപോഷിണിലക്കങ്ങളിൽ വന്നു. ഭാഷാപോഷിണിയിൽ ചേർക്കാൻ തന്റെ സുഹൃത്തിന്റെ നിർബന്ധം വന്നപ്പോഴം. ധൃതിപ്പെട്ടെഴുതേണ്ടിവന്നു സിംഹപ്രസവമെന്ന് ആശാൻതന്നെ അനുസ്മരിച്ചിരുന്നു.

ആശാന്റെ വീണപൂവിനെ ഭാഷാപോഷിണിയിൽ പൊക്കിപ്പിടിച്ചതു ഭാഷാസാഹിത്യത്തിൽ ഒരുവഴിത്തിരിവിനെക്കുറിക്കുന്നു. സുബ്രഹ്മണ്യൻപോറ്റി തന്റെ അവതരണക്കുറിപ്പിൽ പറഞ്ഞകാര്യം സാഹിത്യവിദ്യാർത്ഥികൾക്ക് ഹൃദിസ്ഥമാണ്. "ഈ പദ്യങ്ങളം ഒരിക്കൽ മിതവാദിയിൽ പ്രസിദ്ധം ചെയ്തിട്ടുള്ളതുകൊണ്ട് പഴകിപ്പോയ ഇവയെ ഭാഷാപോഷിണി സ്വീകരിക്കുമോ എന്നായിരുന്നു ഈ വിശിഷ്ട ഖണ്ഡകാവ്യം ഭാഷാപോഷിണിയിൽ ചേർക്കാൻ അനുവാദം തരുമോ എന്ന് എഴുതിച്ചോദിച്ചതിൽ അതിന്റെ കർത്താവായ എന്റെ സ്നേഹിതൻ എനിക്കയച്ചുതന്ന മറുപടി. കവിത പ്രാസമാണെന്നോ ഒരർത്ഥവുമില്ലെങ്കിലും തലകീഴായി വായിക്കാവുന്ന പദ്യങ്ങളാണെന്നോ ഒരു നിമിഷത്തിനുള്ളിൽ എഴുതുന്ന പത്തോ ആയിരമോ പദ്യങ്ങളടങ്ങിയ ഒരു പുസ്തകമാണെന്നോ കാട്ടാനയും കട്ടിലുമൊന്നുപോലെ എന്നും ആണും പെണ്ണും നപുംസകവും ഒന്നുതന്നെ എന്നും മറ്റും

സാധിക്കുന്ന ശ്ലേഷം അടങ്ങിയ ശ്ലോകങ്ങളാണെന്നോ ഒക്കെ സാമാന്യക്കാർക്കൂടി വാദിച്ചു സ്വകൃതികളിൽദൃഷ്ടാന്തപ്പെടുത്തി സഹൃദയൻമാരുടെ ഹൃദയത്തേയും പത്രപംക്തികളേയും പുണ്ണാക്കുവാൻ തുടങ്ങിയിരുന്ന അവസരത്തിൽ സാക്ഷാൽ കവിത വളരെ ഉത്സാഹത്തോടും കൂടി നർത്തനം ചെയ്യുന്ന ഈ ഖണ്ഡകാവ്യത്തെ ഭാഷാപോഷിണിയിൽ ചേർക്കണമെന്ന് എനിക്ക് ആഗ്രഹം തോന്നുന്നതിനും അതിന് അനുവാദത്തിനായി കവിയോടുയാചിച്ചതിനും ഒരു സമാധാനം പറയേണ്ട ആവശ്യമില്ല: നവീനങ്ങളും അതിമനോഹരങ്ങളുമായ അനവധി ആശയങ്ങൾ ഈ കാവ്യത്തിൽ ഉള്ളതിനെ അനുഭവരസികൻമാർ തനിയേ ആസ്വദിച്ചു രസിച്ചുകൊള്ളട്ടെ ഈ പദ്യങ്ങൾ എത്ര തവണ വായിച്ചാലും അതൃപ്തിവരികയോ അവയ്ക്കു പഴക്കം തട്ടുകയോ ചെയ്യുന്നതല്ല. മയൂരസന്ദേശത്തെപ്പറ്റി വിദ്യാവിനോദിനി പറഞ്ഞപോലെ, അങ്ങനെ വല്ലവർക്കും തോന്നുകയാണെങ്കിൽ, അവരോടെനിക്ക് അസൂയയില്ല. ഉത്തമോത്തമമായ ഈ കാവ്യത്തിന്റെ യോഗ്യത അതുതന്നെ പറഞ്ഞുകൊള്ളും. പദങ്ങളിൽ വല്ല ചേർച്ചക്കുറവോ മറ്റോ ഉണ്ടെങ്കിൽ, അകമേ നിറഞ്ഞൊഴുകുന്ന തേൻകുടിക്കുന്നതിൽ അത്യാസക്തിയോടുകൂടിയ ഹൃദയം അതിലേക്കുതിരിഞ്ഞുനോക്കുകയേ ഇല്ല. ശരച്ചന്ദ്രികയിൽ ലീനമായ ചിത്തം ചന്ദ്രന്റെ കളങ്കത്തെക്കുറിച്ചു ചിന്തിക്കുമോ?" എന്നു മുക്തകണ്ഠമായ പ്രശംസയോടെ വീണപൂവ് 1084 തുലാം വൃശ്ചികം ലക്കം ഭാഷാപോഷിണിയിൽ വന്നപ്പോഴാണ് സഹൃദയർ അതിനെ കൊണ്ടാടിയത്. 'കടഞ്ഞകാലുണ്ടിഹ കട്ടിലിന്നും നടന്നു നന്നെത്തളരും നമുക്കും' എന്നു കുട്ടിക്കാലത്തു വള്ളത്തോൾ എഴുതിയതിനെകുത്തിയെഴുതിയത് തന്റെ ആശാൻ കൂറ് ഉറപ്പിക്കാനായിരിക്കണം!

ആശാന്റെ വീണപൂവിനെ മുക്തകണ്ഠം പ്രശംസിച്ച ശ്രീ പോററിയുടെ മഹാമനസ്കതയുടെ മാററിയാൻ മറെറാരു സംഗതി എടുത്തു കാട്ടേണ്ടതുണ്ട്. 1084 തുലാം വൃശ്ചികം പോഷിണിയിലാണല്ലോ വീണപൂവു വാഴ്ത്തപ്പെടുന്നത്. വീണപൂവിനു സാജാത്യമുള്ള സ്വന്തം കൃതി പിച്ചകവല്ലി എന്ന ശീർഷത്തിൽ 1082 കുംഭം മീനം ലക്കംഭാഷാപോഷിണിയിൽ സി. എസ്സ്. തന്നെ പ്രസിദ്ധീകരിച്ചിരുന്നു.

വളർന്നിളം കൊമ്പുകളോടു കോമളം
ദളങ്ങളാഹന്ത! തളിർത്തതാരുമായ്
തളർച്ചകൈവിട്ടു തടത്തിലേകയായ്
തഴച്ചുനിൽക്കുന്നിതുകൽപവല്ലിയോ?
അലഞ്ഞലം തെന്നലടുക്കലാകവേ

With the best compliments of:

N. DAMODARAN NAIR

HARD WERE MERCHANT.
PARAKODU

നവീന തുണിത്തരങ്ങൾക്കു സന്ദർശിക്കുക

രാജീശ്വരി ടെക്സ്റ്റയിൽസ്,

പറക്കോട്

ഉലഞ്ഞുപൂം കൊമ്പുപുളച്ചിടുന്നുതേ
പിരിഞ്ഞുപോയൊരു വരൻ വരുംവിധൗ
പരംജവാൽ കാമിനി കൈകളെന്നപോൽ.

ചളിയിലാണു നിൽപെങ്കിലും ചുറ്റും സുഗന്ധമാണു പിച്ചിവല്ലി പരത്തുന്നത്. മാത്രമല്ല, മറ്റുവല്ലികളെ ആശ്ലേഷിച്ചു പലവേഷത്തിൽ നടക്കുന്ന കാറ്റിനോടും പരിഭവം നടിക്കാത്ത പിച്ചകവല്ലിയുടെ പാതിവ്രത്യ നിരതത അത്ഭുതരംതന്നെ.

കരഞ്ഞു വണ്ടൊന്നതികാമിപോലെനി–
ന്നടുത്തു ചുറ്റിത്തിരിയുമ്പോഴുമാരുതൻ
അണഞ്ഞടിച്ചാശു തുരത്തിടുന്നിതാ
സഹിച്ചിടാസാഹസകൃത്യമാർക്കുമേ.

ആകാശത്തു സൂര്യബിംബത്തെ മറച്ചുകൊണ്ടു കാർമേഘങ്ങൾ ഇരുട്ടുപരത്തുമ്പോഴും പിച്ചകവല്ലി അശുഭൈകദൃക്കാകാതെ സംതൃപ്തഭാവം കൈക്കൊള്ളുകയാണ്, ഭൗമവസ്തുക്കളെല്ലാം ധർമ്മാചരണത്തിലൂടെലോകപിതാവിന്റെ വൈഭവത്തെ പ്രകീർത്തനം ചെയ്യുന്നു!

ഉദ്യാനസീമനി മദിച്ചുതഴച്ചു നിൽക്കും
ഹൃദ്യാംസു ജാതീലതികാമൊരുനാളു–
ഷസ്സിൽ
പാർത്തപ്പൊഴോർത്ത മമചിത്തവികാര
മിത്ഥം
തീർത്തേൻ കൊരുത്തു ചെറുതായൊരു
പദ്യമാല്യം.

എന്ന സമാപന ശ്ലോകമുൾപ്പെടെ 21 ശ്ലോകത്തിലുള്ള പദ്യത്തെ 41 ശ്ലോകങ്ങളുള്ള വീണപൂവിന്റെ മുന്നോടിയായിക്കാണുന്നതിൽ അപാകതയൊന്നുമില്ല. എങ്കിലും ആശാന്റെ കൃതിക്കുള്ള മേൻമയെ ഉദ്ഘോഷിക്കുവാനുയർന്ന ആദ്യകണ്ഠം സുബ്രഹ്മണ്യൻ പോറ്റിയുടേതായിരുന്നു. പിച്ചകവല്ലി കൂടാതെ, വിരഹം, കന്നേറ്റിക്കടവ്, സൗദനും രാഷ്ട്രനും ആർദ്രന്റെ ആഗമനം എന്നിവയെല്ലാം അതാ

വസ്ത്രങ്ങൾക്ക്

ശീമാട്ടി

കൊല്ലം

Managed by എസ്സ്. വീരയ്യാറെഡ്യാർ

തു കാലത്തു ഭാഷാപോഷിണിയിൽ വന്ന പദ്യ കൃതികളാണ്. 'സൊറാബ് ആൻറ് റസ്റ്റം' എന്ന മാത്യു ആർണോൾഡിന്റെ കൃതിയുടെ ഭാഷാന്തരമാണ് 'സൗരദനും രാഷ്ട്രനും.' ആർ.ദന്റെ ആഗമനം' ടെന്നിസന്റെ കിങ് ആർതർ എന്ന കൃതിയുടെ തർജ്ജമ. സത്യകീർത്തി ചരിതം എന്നപേരിൽ 'വിക്കാർ ഓഫ് വെക്ഫീൽഡിനു' ഒരു തർജ്ജമവന്നപ്പോഴും അതിലെ കഥാപദ്യം സി. എസ്സ്. തർജ്ജമചെയ്തുകൊടുക്കുകയാണുണ്ടായത്. തർജ്ജമനന്നായെന്ന് അപ്പൻതമ്പുരാൻ അംഗീകരിച്ചിട്ടുമുണ്ടായിരുന്നു.

ശ്രീ പോറ്റിയുടെ ഭാവാത്മ കൃതികളിൽ 'കന്നേറ്റിക്കടവ്' മുന്നിട്ടുനിൽക്കുന്നു. ആത്മകഥാംശത്തിന്റെ ആധിക്യമാവാം കാരണം.

പള്ളിക്കുടമടച്ചു ഞാനൊഴിവിനായെൻ
ജൻമദേശത്തുവ-
ന്നുള്ളിൽക്കൂടിനമോദമോടു മരുവും
കാലത്തുലാത്തീടുവാൻ
തള്ളിക്കൂടെയണഞ്ഞു വിൺവെടി
തകർത്തീടുന്ന ചങ്ങാതിമാ-
ർക്കുള്ളിൽക്കൂടിനടന്നു നിത്യമരികത്തെ
ത്തുന്നു ഞാൻ ഇല്ലയോ.

എന്നാണു വിഷയവുമായി കവിക്കുള്ളസാത്മ്യഭാവത്തെവെളിപ്പെടുത്തിയത് അഞ്ചാതേ മണിയഞ്ചടിക്കുമുടനേ മഞ്ചം
വെടിഞ്ഞോമന-
പ്പൂഞ്ചാരുസ്മിതയാം തരും മധുരമാം
തേയും കുടിച്ചേഷഞാൻ
നിഞ്ചാരത്തണയാൻ കൊതിച്ചൊരു മലാ
ക്കാക്കമ്പുമേൽ മുണ്ടുമായ്
സഞ്ചാരോചിത വേഷമോടു നടകൊണ്ടീ
ടാൻ തുടങ്ങീടുമേ.

സൂക്ഷ്മ നിരീക്ഷകനും പ്രകൃത്യു പാസകനുമായ കവി തന്റെ സായങ്കാല യാത്രാദൃശ്യങ്ങളെ ആസ്വദിക്കുമ്പോഴും വായനക്കാരെ കൂട്ടിനുപിടിക്കുന്നു. കന്നേറ്റിപ്പുഴാപരിസരത്തിന്റെ പ്രകൃതിരാമണീയകം മുഴുവൻ ഒരു കണ്ണാടിയിലെന്നപോലെ ആകാശം പ്രതിഫലിപ്പിച്ചു പ്രദർശിപ്പിക്കുന്നു. ആ വഴിക്കുപണികരം

കഥാപ്രസംഗത്തിന് നിങ്ങളുടെ പ്രിയങ്കരനായ കാഥികൻ

പെരിനാട് ഗോപി

മധുവനം, ഞാറയ്ക്കൽ, പെരിനാട് പി.ഒ. കൊല്ലം, ഫോൺ 2117

ഇക്കൊല്ലത്തെ പുതിയകഥ; "ആത്മബലി"

പരാജയത്തിൽനിന്നും വിജയത്തിലേക്കുള്ള ദൂരം ഒരു ചുവട്ടടി മാത്രം: നെപ്പോളിയന്റെ മഹദ്വചനങ്ങൾക്ക് ഒരു മാതൃക

OUR TUITION HOME

PARAKODU (Estd. 1958)

ക്ലാസുകൾ III മുതൽ X വരെ സ്റ്റാൻഡാർഡുകൾ

വിദഗ്ദ്ധമായ അദ്ധ്യാപനം, സ്തുത്യർഹമായ അച്ചടക്കം

കഴിഞ്ഞു വീടുകയും ലക്ഷ്യമാക്കിപ്പാവ
ങ്ങളും നീങ്ങുന്നതും കവി കാണുന്നുണ്ട്.
ഓലക്കുടകളും ചൂടിയും കുറിയമുണ്ടൊട്ടി
ച്ചുടുത്തിട്ടു പിൻ
മേലോട്ടങ്ങുഞെറിഞ്ഞു കേറിയുമിടന്തോ
ളത്തു തൂമ്പായുമായ്
കാലം തൊട്ടവിടന്തിയോം വരെനിലം
തന്നിൽ കിളച്ചുള്ളൊരാ
വേലക്കാർ ദൃഢഗാത്രർ തൃപ്തിയൊടു
പോമക്കാഴ്ച കാണേണ്ടതാം.
മോടിക്കമ്മുടി കെട്ടിവച്ചു തെളിയും പൂമാ
ലചൂടീട്ടതി—
ല്ലാടും തോടകളിട്ട നല്ലൊരുപതക്കം കാപ്പു
മില്ലാസഖേ!
ധാടിക്കുള്ളവയൊന്നുമില്ല ലമിവക്കെന്നാ
ലുമാരോഗ്യമുഖം—
ക്കൂടും മെയ് പരിശുദ്ധമാം ഹൃദയവും
സൗനന്ദ്യമേകുന്നുതേ.

കൃത്രിമ മോടികളശേഷ മില്ലെങ്കിലും ഭാവസംപൂർത്തിയുടേയും പ്രാകൃതിക ലാവണ്യത്തിന്റേയും ആരോഗ്യമുള്ള നാടൻ വേഷങ്ങളെപ്പോലെ ശ്ലോകങ്ങളും ഘോഷയാത്രയായി നീങ്ങുകയാണ്. ഒരു ശതകമൊപ്പിക്കാനുള്ള തിടുക്കവും പ്രാസദീക്ഷക്കുള്ള വ്യഗ്രതയും കവിയെഅല്പസ്വല്പം കഷ്ണിപ്പിച്ചിട്ടുണ്ട്. കാലിക നിർബന്ധങ്ങളിൽ നിന്ന് ആറുശതമാനം മാറിനിൽക്കാൻ കഴിഞ്ഞില്ലെന്നുമാത്രം.

'ആർദ്രാഗമനം' എന്ന കൃതി ടെന്നിസന്റെ 'കിങ്ങ്സ് ആർതർ' എന്ന കൃതിയുടെ തർജ്ജമയാണെന്നു സൂചിപ്പിച്ചിരുന്നല്ലോ. സൗരഭനും രാഷ്ട്രനുമെന്നപോലെ ഈ തർജ്ജമയും സാധിച്ചത് ദ്രാവിഡവൃത്തത്തിലാണ്. എം. രാമവർമ്മത്തമ്പാന്റെ അവതാരികയോടുകൂടി 1905ൽ ഗ്രന്ഥരൂപത്തിൽ മനോരമാപ്രസ്സിൽ നിന്ന് മുദ്രണം ചെയ്തിറക്കി. സ്ത്രീജീവിതത്തിന്റെ മാഹാത്മ്യത്തെ പ്രകീർത്തിക്കുന്ന ഈ കൃതി മലയാളത്തിലാക്കാൻ തീരുമാനിച്ചതിന്റെ ഔചിത്യത്തെ അവതാരികാകാരൻ പ്രശംസിച്ചിട്ടുണ്ട്. ശ്രീ രാമവർമ്മത്തമ്പാൻ ഇങ്ങനെ പറയുന്നു;— 'ഈ കഥകളുടെ പ്രധാനോദ്ദേശ്യം സ്ത്രീകളുടെ മാഹാത്മ്യത്തേയും പുരുഷൻ ഔന്ന്യത്യത്തെ പ്രാപിക്കണമെങ്കിൽ സ്ത്രീകൂടി അവനെ അനുഗമിക്കേണ്ട ആവശ്യകതയേയും പ്രത്യക്ഷത്തിൽ ദൃഷ്ടാന്തീകരിക്കുകയാണ്. അതിനാൽ ഇവ മലയാളികൾക്ക് പ്രത്യേകം ആസ്വാദ്യങ്ങളും പ്രയോജനകരങ്ങളും ആയിരിക്കുമെന്നുള്ളതു നിശ്ചയം. മലയാളത്തിൽ സ്ത്രീകളെ മിക്കവാറും സമനിലയിൽ വച്ചിരിക്കുന്നു എന്നുമാത്രമല്ല അവരുടെ മാനമാണു തറവാട്ടുമാനംഎന്നു ജനങ്ങൾ വിശ്വസിക്കുകയും ചെയ്യുന്നു. തങ്ങളുടെ സഹോദരിയുടെ മാനം കുടുംബവൈരിയായ പാലാട്ടു കോമപ്പൻ രക്ഷിച്ചു എന്നറികേ, നിമിഷത്തിൽ ഭയങ്കരൻമാരായ കുറുപ്പന്മാർ അത്രപുരാതനവും അത്യന്തദൃഢവുമായിരുന്ന ആ മഹാശത്രുതയെ നിശ്ശേഷം വിസ്മരിച്ച് അവളെ വിവാഹംചെയ്തുകൊടുക്കുന്ന കഥയെ മലയാളികൾ അസാമാന്യമായ ആദരവോടും സ്നേഹത്തോടും കൊണ്ടാടിവരുന്നുണ്ടല്ലോ. ആ സ്ഥിതിക്കു ഈ വകകൃതികൾ അവർക്കു അത്യന്തം ആസ്വാദ്യമായിരിക്കുമെന്നുള്ളതിനു സംശയമില്ല. ആർദ്രന്റെ സത്യവാചകത്തിൽ നിന്നും പ്രത്യക്ഷീഭവിക്കുന്ന മഹത്തായ രാജഭക്തിയും സ്ത്രീ ബഹുമാനവും ഏതു ജനസമുദായത്തെയാണ് ഉത്കർഷപദവിയിലേക്കു നയിക്കാത്തത്?' ഇംഗ്ലീഷ്പേരുകളെ മലയാളത്തിലേക്കിണങ്ങുന്ന നിലയ്ക്കു മാറ്റുക അന്നത്തെ പതിവായിരുന്നു. അങ്ങനെ ആർതർ ആർദ്രനും സൊറാബ് സൗരഭനും റുസ്തം രാഷ്ട്രനുമായിത്തീർന്നു.

ഉദാത്തമായ ലക്ഷ്യങ്ങളിലല്ലാതെ ഒരു കൃതിയും എഴുതേണ്ടതില്ലെന്ന് തന്റെ നിരൂപണോപന്യാസങ്ങളിൽ സുബ്രഹ്മണ്യൻപോറ്റി വ്യക്തമാക്കിയിരുന്നു. 'മനുഷ്യനു സദ്വിഷയത്തിൽ പ്രയോജനകരമായിത്തീരുന്ന വിഷയമല്ല ഒരു ഗ്രന്ഥത്തിലെ പ്രതിപാദ്യമെങ്കിൽ അത് ഒരു ഗ്രന്ഥമായിട്ടു തന്നെ വകവെച്ചിട്ടു കാര്യമി

ല്ല. അതിനെ നിരൂപണം ചെയ്കയല്ലവേ
ണ്ടത്; എല്ലാംകൂടി ശേഖരിച്ച് വലുതായ
ഒരു ചിതകൂട്ടി ലേശംപോലും ശേഷിക്കാ
ത്തവിധത്തിൽ ദഹിപ്പിച്ചുകളയണം. പ്രതി
പാദ്യം നല്ലതെന്നുകണ്ടാൽ പ്രതിപാദനരീ
തിയെക്കുറിച്ചാണു ചിന്തിക്കേണ്ടത്' പ്ര
കൃത്യാ സുന്ദരമായ ഒരു ശരീരത്തിനു ഉ
ത്തമ വസ്തുക്കൾ പോലെയും സ്വതേ മ
നോഹരമായ ഒരു രത്നത്തിനു സ്വർണ്ണ
ക്കൂടുപോലെയും ശ്രേഷ്ഠമായരീതി വി
ഷയത്തിന്റെ അനുഭവ യോഗ്യതയെ വർദ്ധി
പ്പിക്കുന്നു പക്ഷേ ശാസ്ത്രഗ്രന്ഥ
ങ്ങളാണെങ്കിൽ ക്രമവും രീതിയും അത്യാ
വശ്യമാണ്; സൗന്ദര്യത്തെക്കുറിച്ച് അ
ത്രനിഷ്കർഷിച്ചിട്ടാവശ്യമില്ല.' മലയാള
സാഹിത്യ നിരൂപണം എന്ന ശീർഷകത്തി
ൽ 1083 തുലാം വൃശ്ചികം ഭാഷാ പോ
ഷിണിയിൽ എഴുതിയ അഭിപ്രായമാണ
ല്ലോ വീണപൂവിന്റെ അവതാരികാഖണ്
ഡികയിലും പ്രകടമാക്കിയത്. സാമൂഹ്യ
മൂല്യങ്ങൾക്കു കൽപിക്കേണ്ട പ്രാധാന്യം
അവഗണനീയമല്ല. 1081 കുംഭം മീനം ല
ക്കത്തിൽ കൊടുത്ത 'കവിതയും മലയാള
ക്കവികളും' എന്ന ലേഖനത്തിന്റെ പ്രാധാ
ന്യമോർത്ത് ഉപന്യാസമഞ്ജരി എന്ന നി
രൂപണ പ്രധാന ഗ്രന്ഥത്തിൽ പ്രൊഫ
സർ ശങ്കരൻനമ്പ്യാർ പുന: പ്രസിദ്ധീക
രണം ചെയ്തിരുന്നു. ഏ. ആർ. രാജരാജ
വർമ്മയുടെ നിരൂപണമാതൃകയും സാഹി
ത്യപഞ്ചാനനന്റെ ധർമ്മരാജാ നിരൂപണ
വും ആ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്.
സുബ്രഹ്മണ്യൻ പോറ്റിയുടെ ലേഖന
ത്തിലെ പ്രഥമഭാഗം അദ്ദേഹത്തിന്റെ ചി
ല കൃതികളിലേക്കു കൂടി വെളിച്ചംവീശു
ന്നു. 'കവിതാവനിതാചൈവസ്വയമേവാ
ഗതാവരാ' എന്നതാണു സംസ്കൃതപണ്
ഡിതാഭിപ്രായം. നിർബന്ധ വിവാഹം
മൂലം ഹിന്ദു കുടുംബങ്ങളിൽ ഉണ്ടാകാ
റുള്ള സൈരമില്ലായ്മ പോലെതന്നെ ക
വിരാജ്യത്തിലും മലയാളത്തെസംബന്ധി
ച്ചിടത്തോളം വളരെ അനർത്ഥങ്ങളുണ്ടാ
യിട്ടുണ്ട്. തനിക്ക് അശേഷം അനുരാഗ
മോ തന്നെവരിക്കുന്നതിനു യോഗ്യതയോ
ഇല്ലാത്ത ആളുകൾ ചേർന്നു പിന്നെയും
പിന്നെയും ബലമായി ഉപദ്രവിക്കയാൽ മ
ലയാളകവിത പലവിധത്തിലുള്ള പീഡക
ളാൽ ആകുലയായിരിക്കുന്നു എന്ന് തത്
പരിചിതൻമാർക്കറിയാം. ഒരു സ്ത്രീരത്
നം അനുരൂപനല്ലാത്ത വ്യക്തിയോടു നി
ർബന്ധപൂർവ്വം ചേർക്കപ്പെടുംപോഴു
ണ്ടാകുന്ന അനുഭവമാണു വിവരിക്കുന്ന
ത്. കവിതാരാഗത്തിന്റെ ചിത്രവും ഭിന്ന
മല്ലെന്നർത്ഥം.

ചമ്പകമാല, ദുർഗ്ഗേശനന്ദിനി എ

ഇരുമ്പുസാധനങ്ങൾ, സാനിട്ടറി ഫിറ്റിങ്ങുകൾ,
പെയിന്റുകൾ എന്നിവയ്ക്ക് സന്ദർശിക്കുക
ശാന്തി ഹാർഡ്വെയർ & ജനറൽ സ്റ്റോഴ്സ്
പറക്കോട് ഫോൺ 253

With the best compliments of:
K. RAMACHANDRAN NAIR
I. O. C. DEALER, PARAKODU

ന്നീ നോവലുകൾ ഖണ്ഡശ:പ്രസീദ്ധപ്പെടുത്തിയതും ഭാഷാപോഷിണിയിലായിരുന്നു. ചമ്പകമാലയിലെ കഥാസംഗ്രഹം ഓരോലക്കത്തിലും കഴിയുന്നിടത്തോളം ചേർക്കുന്ന പതിവുണ്ടായിരുന്നു. നോവലുകളുടെ ഗുണദോഷത്തിലേയ്ക്കു ഈ ലേഖനത്തിൽ പ്രവേശിക്കാൻ നിർവ്വാഹമില്ല. 1084 ചിങ്ങം കന്നി ലക്കത്തിൽ ഒരു ദീർഘദർശിയുടെ ചരിത്രം എന്ന ലേഖനമാകാം ടോൾസ്റ്റോയിയെ മലയാള ഭാഷയ്ക്കു പരിചയപ്പെടുത്തുന്ന ആദ്യ ലേഖനം. കുറേറമോ കുറവോ തീണ്ടാത്ത ഒരാദർശപുരുഷനെന്ന നിലയ്ക്കല്ല ഭൂമിയിൽ ഈശ്വരമഹിമാവിനെ, അതായതു നന്മയേയും സത്യത്തേയും പ്രതിഷ്ഠാപനം ചെയ്തമഹാൻ എന്ന നിലയ്ക്കാണ് ശ്രീ പോറേറി ടോൾസ്റ്റോയിയെ അവതരിപ്പിച്ചതു്. ഗാന്ധിജിക്കുകൂടി ഗുരുവര്യനായിത്തീർന്ന ടോൾസ്റ്റോയ് ഒരു പ്രഭുകുടുംബത്തിൽ ജനിച്ചു. സംഭവബഹുലമായ പല ഘട്ടങ്ങളും കടന്നു. 'യുദ്ധവും സമാധാനവും' തുടങ്ങിയ നോവലുകൾ എഴുതാനുണ്ടായ സാഹചര്യങ്ങൾ ലേഖനത്തിൽ വിവരിക്കുന്നുണ്ടു്. യുദ്ധം ഒരുകടും കൊലപാതകമാണെന്നു ടോൾസ്റ്റോയ് വിളംബരം ചെയ്തു. സാഹിത്യകാരൻമാർകൂടി പണത്തിന്റെ പിറകേ പോകുമ്പോൾ, കൃഷിക്കാരാണു നിർദ്ദോഷം ജീവിതം നയിക്കുന്നതെന്ന ടോൾസ്റ്റോയിയുടെ ആശയം കണ്ണേററിക്കടവ് എന്ന പദ്യമെഴുതിയപ്പോൾ പോറേറിയുടേഹം ഓർത്തുകാണും.

ഭാഷാപോഷിണി പ്രവർത്തനവുമായി ബന്ധപ്പെട്ട കാലത്തു മുഖം നോക്കാതെ നിഷ്പക്ഷമായും ധീരമായും ഗ്രന്ഥനിരൂപണമെഴുതാൻ സുബ്രഹ്മണ്യൻ പോറേറി തയ്യാറായിരുന്നു. സുഭദ്രാർജ്ജുനം ഭാഷാനാടകത്തെപ്പറേറി 1080 മിഥുനം ലക്കത്തിൽ എഴുതിയ രൂക്ഷ വിമർശനവും ആറൻമുള വിലാസം ഹംസപ്പാട്ടിനെപ്പറേറിയുള്ള മണ്ഡന നിരൂപണവും ദൃഷ്ടാന്തങ്ങളത്രേ. പാശ്ചാത്യ പുരാണങ്ങളെ അന്ധമായി ശരിവച്ചുകൊണ്ടു പൗരസ്ത്യ പുരാണങ്ങളെ പുച്ഛിക്കാനുമുള്ള പ്രവണതയെ അദ്ദേഹം അപലപിക്കുന്നു. 'ക്രിസ്തു രണ്ടപ്പവും മത്സ്യവും കൊണ്ട് അയ്യായിരം ആളുകളെ മൃഷ്ടഭോജനം കഴിപ്പിച്ചു എന്നുള്ള അത്ഭുതകഥകളെ സത്യമെന്നു പറകയും ശ്രീകൃഷ്ണൻ അക്ഷയപാത്രത്തിലെ ഒരു ചീരയില കൊണ്ടു ദുർവ്വാസാവിന്റെയും പതിനായിരം ശിഷ്യൻമാരുടേയും വയർ നിറച്ചു എന്നത് അസത്യമെന്നു പരിഹസിക്കയും ചെയ്യുന്ന പക്ഷപാതികളായ മത ഭ്രാന്തൻമാരുടെ നില ആരും സ്വീകരിക്കരുത്' എന്ന് (ഭാഷാപോഷിണി 1084 മിഥുനം–കർക്കടകം) ആറൻമുള വിലാസം എന്ന ശീർഷകത്തിലെഴുതിയ നിരൂപണത്തിൽ വെട്ടിത്തുറന്നു പറഞ്ഞിരിക്കുന്നു. 'കാളിദാസനും സൻമാർഗ്ഗോപദേശവും' എന്ന രവീന്ദ്രനാഥടാഗോറിന്റെ ചിന്തോദ്ദീപക ലേഖനം ഭംഗിയായി ശ്രീ പോറേറി തർജ്ജമചെയ്തതു രവീന്ദ്രകൃതി സാഹിത്യ നിരൂപണം എന്ന ഗ്രന്ഥത്തിൽ ചേർത്തതിനു് അമ്പലപ്പുഴ മഹാദേവശർമ്മയോടു നാമെല്ലാം കടപ്പെട്ടിരിക്കുന്നു. 'മഹാഭാരതം ഒരേസമയത്തു ക്രിയകളേയും സർവ്വസംഗപരിത്യാഗത്തേയും വിവരിക്കുന്ന ഒരു ഇതിഹാസമായിരിക്കുന്നതുപോലെ, കാളിദാസനും, സൗന്ദര്യ വിലാസങ്ങളെപ്പോലെ വൈരാഗ്യത്തേയും ഉപദേശിക്കുന്ന കവിയാകുന്നു 'എന്നു തുടങ്ങിയ ഭാഗങ്ങൾ എത്ര ഭംഗിയായാണു വിവർത്തനം ചെയ്തിരിക്കുന്നത്!

ശാസ്ത്രലേഖനങ്ങൾക്കു സൗന്ദര്യം നോക്കേണ്ട. ക്രമവും രീതിയും നിഷ്ക്കർഷിച്ചാൽമതിയെന്നു പറയുന്നുവെങ്കിലും ഒന്നാംതരം ഭാഷയിലാണു പോറേറിയെ സംബന്ധിച്ചിടത്തോളം ശാസ്ത്രലേഖനങ്ങളും എഴുതിപ്പോവുക. 1082 മേടം ഇടവം ലക്കത്തിലെ നീഗ്രോജാതിക്കാർ എന്ന ലേഖനവും ചെടികൾ എന്ന ശീർഷകത്തിൽ

മണ്ണടി
സർവ്വീസ് സഹകരണസംഘം ബാങ്ക്
ക്ലിപ്തം നമ്പർ 3849, മണ്ണടി P. O.

ഫോൺ: 28, കടമ്പനാട്ട്

കർഷകരുടെ ആശാകേന്ദ്രം
ആദായത്തിന്റെ ആലയം

ഞങ്ങളുടെ സവിശേഷതകൾ

1 എല്ലാവിധ നിക്ഷേപങ്ങളും ഞങ്ങൾസ്വീകരിക്കുന്നു.

2 കാർഷിക വായ്പകൾ യഥാവസരം നൽകിവരുന്നു.

3 എല്ലാവിധ രാസവളങ്ങളും വിതരണം ചെയ്യുന്നതിനു പുറമേ കീടനാശിനികളും കൺട്രോൾ തുണിത്തരങ്ങളും വിതരണംചെയ്യുന്നു.

4 സ്വർണ്ണപ്പണയത്തിൻമേൽ കുറഞ്ഞ പലിശ നിരക്കിൽ വായ്പ കൊടുക്കുന്നു

5 പ്രതിമാസ ലേലച്ചിട്ടികൾ നടത്തി വരുന്നു.

നിക്ഷേപങ്ങൾക്ക് ഏറ്റവും കൂടിയ പലിശ നിരക്ക്.

സേവിംഗ്സ് ബാങ്ക് നിക്ഷേപം. 7 ശതമാനം

സ്ഥിരനിക്ഷേപങ്ങൾ:

3	മാസത്തേക്ക്	7½%	24	മാസത്തേക്ക്	10%
6	,,	8 ,,	36	,,	11 ,,
9	,,	9 ,,	48	,,	11½ ,,
12	,,	9½ ,,	60	,,	12 ,,

5000 രൂപയിൽ കുറയാത്ത തുക 3 വർഷത്തിൽ കുറയാത്ത കാലത്തേക്ക് നിക്ഷേപിക്കുന്നവർക്ക് പ്രതിമാസം പലിശ നൽകും.

ജി. നാരായണൻപോറ്റി
പ്രസിഡൻറ്

എൻ. വാമദേവൻനായർ
സെക്രട്ടറി

1082 കുംഭം മീനം ലക്കത്തിലെഴുതിയ കാപ്പിയും കൊക്കോയും എന്ന തലക്കെട്ടിൽ 1081 മേടം–ഇടവം ലക്കത്തിലെഴുതിയ ലേഖനവും ഇക്കാര്യം സ്പഷ്ടമാക്കുന്നു. തികഞ്ഞ ശാസ്ത്രീയതയോടെ കാര്യങ്ങൾ അവതരിപ്പിക്കുന്നതിനുദാഹരണം: 'കാപ്പിയാരബിക്ക' എന്നു സസ്യശാസ്ത്രീകം പറയുന്ന കാപ്പിച്ചെടിയുടെ വിത്തിൽനിന്നാണു കാപ്പി ഉണ്ടാക്കുന്നത്. ഇതിന്റെ ജന്മഭൂമി ആഫ്രിക്കയിലെ അബിസീനിയാരാജ്യമാണ്. അവിടെനിന്ന് അത് 15–ാം നൂറ്റാണ്ടിൽ അറേബ്യയിൽ കൊണ്ടുവന്നു. നാം പനിവരുമ്പോൾ ഉപയോഗിക്കാറുള്ള കൊയിനാപ്പൊടി എടുക്കുന്ന മരത്തിന്റെ ജാതിയിൽപെട്ടതാണ് കാപ്പിയും. 'ചെടികളെക്കുറിച്ചു പറയുമ്പോൾ ആഖ്യാനത്തിന് ആകർഷകത കൂട്ടാൻ തന്റെ പുരാണപരിചയത്തെ കൂട്ടുപിടിക്കുന്നു. ചെടികൾക്കു പക്ഷികളേയും മൃഗങ്ങളേയും പോലെ ഇണയെഅന്വേഷിച്ചലയാൻ സാധ്യമല്ലല്ലോ. അതുകൊണ്ട് ഒരു പൂവിൽനിന്നു മറെറാരു പൂവിലേയ്ക്കു പരാഗം കൊണ്ടുപോകുന്നതിനു ചില മൂന്നാമൻമാരെ ആശ്രയിക്കേണ്ട ആവശ്യം വരുന്നു. ഈ കാര്യത്തിൽ പുല്ലുകൾ മുതലായ പലചെറുചെടികളേയും സഹായിക്കുന്നത്, പണ്ടു ഗർഭിണിയായ പാർവ്വതിയിൽ നിന്നു ശിവബീജം അഞ്ജനയുടെ അടുക്കൽകൊണ്ടുപോയ ആ വായുതന്നെയാകുന്നു. ശാസ്ത്ര വിഷയങ്ങളിൽ സരസഗദ്യരചന നടത്താൻ മൂർക്കോത്തു കുമാരനുള്ള കഴിവ് സുബ്രഹ്മണ്യൻ പോററിയിലും സുതരാം കാണുന്നു.

ഭാഷാപോഷിണിയോടായിരുന്നുശ്രീ പോററിയുടെ അടുപ്പം എന്നു പറഞ്ഞുവല്ലോ. മഹാകവി കുമാരനാശാനെ ഭാഷാപോഷിണിയിലേക്കു ക്ഷണിച്ചത്, പച്ചമലയാളകൃതികൾ പ്രസിദ്ധീകരിച്ചത്, ജി. രാമൻമേനോനവർകളെക്കൊണ്ട് ശ്രീബന്ധുവായത് തുടങ്ങിയ വടക്കൻപാട്ടുകഥകൾ എഴുതിപ്പിച്ചത്–അങ്ങനെ സ്വന്തം പത്രമായാണ് ഭാഷാ പോഷിണിയേയും മനോരമപ്പത്രത്തേയും പോററിയദ്ദേഹം കണ്ടത്! കൃതികൾ പുസ്തകമാക്കുമ്പോൾ മനോരമപ്രസ്സ് വേണ്ടുന്ന സൗകര്യംചെയ്തുകയും ആയിരുന്നു പതിവ്. നീഗ്രോജാതിക്കാർ എന്ന ലേഖനത്തിൽ രസികരഞ്ജിനിയോടുള്ള മത്സരത്തിന്റെ സ്വാധീനം കാണാം. 'ശുചീന്ദ്രത്തു കൈമുക്കുക മുതലായവ ചെയ്യണമെന്ന് നിർബന്ധമുണ്ടായിരുന്നപോലെ, വാജർമോ എന്ന നീഗ്രോ ജാതിക്കാർ തിളയ്ക്കുന്ന വെള്ളത്തിലും വാഗാനസാ ജാതിക്കാർ തിളയ്ക്കുന്ന എണ്ണയിലും കൈമുക്കിയാണ്" സത്യപരീക്ഷ നടത്തിയിരുന്നത്. ശുചീന്ദ്രത്തെ കൈമുക്കു പരീക്ഷ നിർത്തിയതിനെക്കുറിച്ചു വ്യസനിക്കുന്ന രസികരഞ്ജിനിക്കു നീഗ്രോജനങ്ങളുടെ ഈ ചട്ടത്തെക്കുറിച്ചു വലിയ ബഹുമാനം ഉണ്ടാകാതെയിരിക്കുകയില്ല! രസികരഞ്ജിനിയുടെ പഴമത്രമേത്തെ വകവരുത്താൻ കിട്ടിയ സന്ദർഭം കണക്കിനു പ്രയോജനപ്പെടുത്തേണ്ടതു തന്റെ ധാർമ്മികബാദ്ധ്യതയായിക്കണ്ടുവെന്നു ചുരുക്കം.

സി. എസ്സ്. സുബ്രഹ്മണ്യൻ പോററിയുടെ ജൻമ ശതാബ്ദി സമാഗതമാകുന്ന ഈ ഘട്ടത്തിൽ അദ്ദേഹത്തിന്റെ ഭാഷാപോഷണ ശ്രമങ്ങളുടെ ഒരു വിഹഗവീക്ഷണത്തിനു മാത്രമേ സ്ഥലപരിമിതി കാരണം ഞാൻ ഉദ്യമിക്കുന്നുള്ളു. അദ്ദേഹത്തിന്റെ ഗദ്യപദ്യകൃതികൾ സമാഹരിച്ച് ഒരു ജീവചരിത്രക്കുറിപ്പോടുകൂടി പ്രസിദ്ധപ്പെടുത്താൻ ആരെങ്കിലും ശ്രമിച്ചെങ്കിൽ! ഒരു ഛായാചിത്രപ്രതിഷ്ഠകൊണ്ട് കൃതകൃത്യത ഭാവിക്കയില്ല ഇന്നത്തെ സാഹിത്യ അക്കാദമി എന്ന പ്രത്യാശയോടെ ആ പാവനാത്മാവിന്റെ സ്മരണയ്ക്കു മുമ്പിൽ ഞാൻആദരാഞ്ജലിയർപ്പിക്കട്ടെ.